**പതിമൂന്നാം കേരള നിയമസഭ**

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**രണ്ടാമത് റിപ്പോർട്ട്**

(കൊല്ലം ഗവ. വിക്ടോറിയ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്)

(2012 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**രണ്ടാമത് റിപ്പോർട്ട്**

(കൊല്ലം ഗവ. വിക്ടോറിയ ആശുപത്രിയുടെ പ്രവർത്തനം

മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്)

(2012 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്)

1136/2012.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. മോൻസ് ജോസഫ്

**അംഗങ്ങൾ :**

ശ്രീമതി ഇ. എസ്. ബിജിമോൾ

ഡോ. കെ. ടി. ജലീൽ

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. മോയിൻകുട്ടി

ശ്രീമതി കെ. എസ്. സലീഖ

ശ്രീ. സണ്ണി ജോസഫ്

,, പി. ഉബൈദുള്ള

,, എം. പി. വിൻസെന്റ്.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

,, കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 മേയ് മാസം 23-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2012 ജൂലൈ 9.

# റിപ്പോർട്ട്

ആരോഗ്യ പരിപാലന രംഗത്ത് വളരെ ബൃഹത്തായ നേട്ടങ്ങളാണ് കേരളം കൈവരിച്ചിട്ടുള്ളത്. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ അവർക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യം കണക്കിലെടുത്ത്, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രികൾ സന്ദർശിക്കുന്നതിനും പ്രവർത്തനം പരിശോധിച്ച് വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിച്ച് നവീകരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ ഗവൺമെന്റിന് സമർപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2012 ജനുവരി 25-ാം തീയതി ബുധനാഴ്ച കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് യോഗം കൂടുകയും യോഗാനന്തരം സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രിയായി പ്രവർത്തിക്കുന്ന കൊല്ലം വിക്ടോറിയ ആശുപത്രി സന്ദർശിക്കുകയും ചെയ്തു. ആശുപത്രി സൂപ്രണ്ട്, ഡോക്ടർമാർ എന്നിവരുമായി ആശുപത്രിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സമിതി ചർച്ച നടത്തുകയും രോഗികൾ, കൂട്ടിരുപ്പുകാർ, ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരിൽ നിന്ന് തെളിവെടുക്കുകയും ചെയ്തു. തുടർന്ന് 15-2-2012-ന് ബുധനാഴ്ച തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിൽ കൂടിയ യോഗത്തിൽ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് സെക്രട്ടറി, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി വിക്ടോറിയാ ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച് സമിതി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെയും വെളിപ്പെടുത്തലുകളുടെയും സമിതിയുടെ സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് കൊല്ലം വിക്ടോറിയ ആശുപത്രിയുടെ സമഗ്രവികസനത്തിനും കാര്യക്ഷമമായ നടത്തിപ്പിനും വേണ്ടി സർക്കാർ സ്വീകരിക്കേണ്ട നടപടികളും നിർദ്ദേശങ്ങളും സമിതിയുടെ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2. ചരിത്രത്താളുകളിൽ ഇടംനേടിയ ബ്രിട്ടീഷ് രാജ്ഞി വിക്ടോറിയയുടെ നാമധേയത്തിലുള്ള, ഈ ആശുപത്രിയിൽ ചികിത്സതേടി പ്രതിദിനം ആയിരത്തോളം പേർ എത്തുന്നുണ്ട്. വിവിധ വാർഡുകളിലായി 273 കിടക്കകളുള്ള ഇവിടെ അർഹതപ്പെട്ട എല്ലാ രോഗികൾക്കും തടസ്സം കൂടാതെ സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്. 2 സീനിയർ കൺസൾട്ടന്റ് ഗൈനിക്/പീഡിയാട്രിഷ്യനും 9 ഗൈനക്കോളജിസ്റ്റുമാരും, 4 പീഡിയാട്രീഷ്യന്മാരും, 2 അനസ്തെറ്റിസ്റ്റുമാരും പൊതുജനാരോഗ്യത്തിനു വേണ്ടി ഈ ആശുപത്രിയിൽ സേവനം ചെയ്യുന്നുണ്ട്. എച്ച്.ബി., ബി.റ്റി., സി.റ്റി. ഗ്രൂപ്പ് & ആർ.എച്ച്., ആർ.ബി.എസ്., പി.ബി.എസ്., പി.പി.ബി.എസ്., ജി.റ്റി.റ്റി., എച്ച്.ബി.എസ്.(എ.ജി.), വി.ഡി.ആർ.എൽ., യൂറിൻ ടെസ്റ്റ് എന്നിവയ്ക്കായി ക്ലിനിക്കും എച്ച്.ഐ.വി. ടെസ്റ്റിനും കൗൺസിലിംഗിനുമായി CTC ലാബ്, ലാപ്രോസ്കോപ്പ്, ഇമ്മ്യൂണൈസേഷൻ ക്ലിനിക്ക്, ഓട്ടിസം ക്ലിനിക്ക്, ഓപ്പറേഷൻ തിയേറ്റർ എന്നിവ ഇവിടെ പ്രവർത്തിക്കുന്നു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ജില്ലാ കേന്ദ്രം വഴി ആവശ്യത്തിനുള്ള മരുന്നുകൾ ഇവിടെ ലഭിക്കുന്നുണ്ട്. ഡീലക്സ്, കെ.എച്ച്.ആർ.ഡബ്ല്യു.എസ്., ലയൺസ് പേ വാർഡ് തുടങ്ങിയ പേ വാർഡുകളും കൂടാതെ ഒരു ആംബുലൻസും മിനി ബസ്സും നിലവിൽ ആശുപത്രി വകയായിട്ടുണ്ട്.

3. കൊല്ലം ജില്ലയിലെ സാധാരണക്കാർ പ്രത്യേകിച്ച് തീരദേശവും കശുവണ്ടി മേഖലകളും ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർ പ്രധാനമായും ആശ്രയിക്കുന്നത് ഗവ. വിക്ടോറിയ ഹോസ്പിറ്റലിനെയാണ്. സംസ്ഥാനത്തെ മറ്റു മാതൃശിശു ആശുപത്രികളെല്ലാം തന്നെ ആധുനിക സൗകര്യങ്ങളോടെ മെച്ചപ്പെട്ട നിലവാരത്തിലേക്ക് ഉയർന്നെങ്കിലും വിക്ടോറിയ ആശുപത്രി മാത്രം വികസനത്തിന്റെ കാര്യത്തിൽ ഏറെ പിന്തള്ളപ്പെട്ട അവസ്ഥയിലാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള ഈ ആശുപത്രി ഇന്ന് സ്ഥലപരിമിതിമൂലവും മറ്റ് അസൗകര്യങ്ങൾമൂലവും വീർപ്പുമുട്ടുകയാണ്. നൂറ് കണക്കിന് രോഗികളായ സ്ത്രീകളും കുട്ടികളും അവരുടെ കൂട്ടിരുപ്പുകാരും സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്നത് ദിനംപ്രതിയുള്ള ഇവിടത്തെ കാഴ്ചയാണെന്ന് സമിതി മനസ്സിലാക്കുന്നു. വളരെ പഴക്കം ചെന്ന കെട്ടിടങ്ങൾ അപകടനിലയിലാണ്. മതിയായ വെളിച്ചമോ വായുസഞ്ചാരമോ ഇല്ലാത്ത വാർഡുകൾ രോഗികളെ കൂടുതൽ ദുരിതത്തിലാഴ്ത്തുകയാണ്. വാർഡ് I പുനരുദ്ധരിക്കാൻ കഴിയാത്തവിധം ജീർണ്ണിച്ച അവസ്ഥയിലാണ്. വൃത്തിഹീനമായ ഭക്ഷണശാലയും പരിസരവും ആശുപത്രി ശുചിത്വത്തിന് നേരേയുള്ള വെല്ലുവിളിയാണ്. ഇടുങ്ങിയതും പൊട്ടിപ്പൊളിഞ്ഞതുമായ റോഡും സാമൂഹ്യവിരുദ്ധരും വഴിയോരക്കച്ചവടക്കാരും യാചകരും രോഗികളെ എന്ന പോലെ തന്നെ സന്ദർശകരെയും ബുദ്ധിമുട്ടിക്കുകയാണ്.

4. കൊല്ലം ജില്ലാ ആശുപത്രിയുടെ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന വിക്ടോറിയ ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾ ജില്ലാ പഞ്ചായത്ത് പ്രത്യേക താല്പര്യമെടുത്ത് സർക്കാരിൽ നിന്നും മാറ്റിയതിനാലാണ് മറ്റ് സർക്കാർ ആശുപത്രികളെ അപേക്ഷിച്ച് ഈ ആശുപത്രിയുടെ വികസനം തടസ്സപ്പെടാൻ കാരണമായതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. കേരളത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളെല്ലാം തന്നെ സർക്കാരിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ കൊല്ലം വിക്ടോറിയ ഹോസ്പിറ്റൽ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലായതിനാൽ എൻ. ആർ. എച്ച്. എം. ഫണ്ടും ഗവൺമെന്റ് ഫണ്ടും കുറയാൻ കാരണമായി. ഇത് ആശുപത്രിയുടെ വികസനത്തെ സാരമായി ബാധിച്ചുവെന്ന് സമിതി വിലയിരുത്തുന്നു. വളരെ ആത്മാർത്ഥമായ ഒരു ശ്രമം സർക്കാരിന്റേയും ജില്ലാപഞ്ചായത്തിന്റേയും ജനങ്ങളുടേയും ഭാഗത്തു നിന്നുണ്ടായാൽ മാത്രമേ ഈ ആശുപത്രിയെ തിരുവനന്തപുരം, തൈക്കാട് പ്രവർത്തിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ മാതൃകയിൽ ഉയർത്തി കൊണ്ടുവരാൻ കഴിയൂ എന്ന് സമിതി വിശ്വസിക്കുന്നു. ആയതിനുവേണ്ട നിർദ്ദേശങ്ങളും ശുപാർശകളും തുടർന്നുള്ള ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കേരള നിയമസഭയുടെ കാര്യനിർവ്വഹണവും നടപടിക്രമവും സംബന്ധിച്ച ചട്ടങ്ങളിലെ റൂൾ 205 എ അനുസരിച്ച് ഈ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിക്കേണ്ടതും റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് കൈപ്പറ്റിയ തീയതി മുതൽ രണ്ടു മാസത്തിനകം റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് സമിതിക്ക് നൽകേണ്ടതുമാണ്.

5. സ്ഥലപരിമിതിയാണ് വിക്ടോറിയ ആശുപത്രി നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ടി ആശുപത്രിക്കനുവദിച്ചിട്ടുള്ള 273 കിടക്കകൾ വാർഡുകളിലെ സ്ഥലപരിമിതിമൂലം സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഇതിനുള്ള ഏകപരിഹാരം ഇപ്പോൾ ലഭ്യമായ സ്ഥലം പരമാവധി ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ബഹുനില കെട്ടിടം നിർമ്മിക്കുകയെന്നത് മാത്രമാണെന്ന് സമിതി മനസ്സിലാക്കുന്നു.

മൂന്ന് നിലകളിലായി നിർമ്മിക്കാവുന്ന പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ റിസപ്ഷൻ/രോഗികൾക്കുള്ള കാത്തിരിപ്പ് സ്ഥലം, കൺസൾട്ടേഷൻ ക്യൂബിക്കിൾസ്, കാഷ്വാലിറ്റി, സെപ്റ്റിക് ലേബർ റൂം എന്നിവയും ഒന്നാം നിലയിൽ ഫസ്റ്റ് സ്റ്റേജ് റൂം, പ്രസവമുറി, എമർജൻസി തീയേറ്റർ, ഐ.സി.യു. എന്നിവയും രണ്ടാം നിലയിൽ ഓപ്പറേഷൻ തീയേറ്റർ, പ്രീ & പോസ്റ്റ് ഓപ്പറേഷൻ വാർഡ് എന്നിവയും മൂന്നാം നിലയിൽ ആന്റിനേറ്റൽ & ഗൈനക് വാർഡുകളും സജ്ജീകരിക്കാവുന്നതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച്, 15-2-2012-ൽ തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സ് കോൺഫറൻസ് ഹാളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി. സ്ഥലം എം.എൽ.എ.യുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും ഒരു സംയുക്ത യോഗം വിളിച്ച് പുതിയ ആശുപത്രി കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ഈ വർഷം തന്നെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്യുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ആശുപത്രി ഇപ്പോൾ നേരിടുന്ന പ്രധാനപ്പെട്ട മറ്റ് പ്രശ്നങ്ങൾ സമിതി നേരിൽ കണ്ട് വിലയിരുത്തുകയുണ്ടായി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകളുടെ ശോച്യാവസ്ഥയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയാകയാൽ കിടത്തി ചികിത്സ ഏറ്റവും ഒഴിവാക്കാനാവാത്ത കാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഴയ 4-ഉം 5-ഉം വാർഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്ത് പൂർണ്ണതോതിൽ ഉപയോഗയോഗ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴിയാണ് ലഭിക്കുന്നത്. അവ കാര്യക്ഷമമായി സൂക്ഷിക്കുന്നതിന് ആധുനിക രീതിയിലുള്ള ഒരു ഡ്രഗ്സ് സ്റ്റോർ സജ്ജീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ആശുപത്രി പരിസരത്ത് മാലിന്യങ്ങൾ കുന്നുകൂടുന്നത് പകർച്ചവ്യാധികൾ ഉണ്ടാകുവാനും കെട്ടിടത്തിനകത്തേക്ക് ദുർഗന്ധം വമിക്കുവാനും രോഗികളായ സ്ത്രീകൾക്കും കുട്ടികൾക്കും അണുബാധയുണ്ടാകുവാനും കാരണമാകും. ആശുപത്രിയിലെ മാലിന്യങ്ങൾ, ആശുപത്രിയിലുണ്ടാകുന്ന ബയോമെഡിക്കൽ വേസ്റ്റുകൾ ഐ.എം.എ.യുടെ ഇമേജ് സ്കീം വഴിയും, ജൈവമാലിന്യങ്ങൾ കോർപ്പറേഷൻ

വഴിയും നീക്കം ചെയ്യുന്നുവെങ്കിലും ആശുപത്രി പരിസരം മാലിന്യങ്ങളാൽ നിറഞ്ഞിരിക്കുന്നത് സമിതിക്ക് നേരിട്ട് കാണാൻ സാധിച്ചു. ഈ അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി മാലിന്യങ്ങൾ അതിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഭാഗത്ത് നിക്ഷേപിക്കേണ്ടതും കൃത്യമായി നീക്കം ചെയ്യേണ്ടതും ആശുപത്രിയുടെ ആരോഗ്യകരമായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ആയതിനാൽ പരിസരശുചീകരണവും മാലിന്യനിർമ്മാർജ്ജനവും കൂടുതൽ ഫലപ്രദമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ശുചീകരണ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള മൂന്ന് പാർട്ട് ടൈം സ്വീപ്പർ പോസ്റ്റുകൾ പരിമിതമായതിനാൽ ഇക്കാര്യത്തിന് ആവശ്യം വേണ്ട കൂടുതൽ ജീവനക്കാരെ അടിയന്തിരമായി നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. ആശുപത്രിയിലെ ഡ്രെയിനേജ്, സാനിട്ടറി എന്നീ സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഭാവിയിലെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് ആശുപത്രിയുടെ ഡ്രെയിനേജ് സംവിധാനം നവീകരിക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്നും ഡ്രെയിനേജ് സംവിധാനത്തിൽ കേടുപാടുകൾ കണ്ടുപിടിക്കപ്പെട്ടാൽ അപ്പപ്പോൾ തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. ആശുപത്രിയിലെ ഭക്ഷണശാല വൃത്തിഹീനമാണെന്ന് സമിതി മനസ്സിലാക്കി. വൃത്തിയും സൗകര്യവുമുള്ള ഒരു ഭക്ഷണശാല പ്രവർത്തിപ്പിക്കുന്നതിനും ആയതിന്റെ മേൽനോട്ടം ആശുപത്രി ഭരണനിർവ്വഹണ വിഭാഗത്തിന്റെ കീഴിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇപ്പോൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള ആശുപത്രി ഡൈനിംഗ് ഹാളിന്റെ നവീകരണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. ആശുപത്രിയിലേക്കുള്ള റോഡ് ഗതാഗതം സൗകര്യപ്രദമായി വിപുലീകരിക്കേണ്ടതാണ്. പ്രസ്തുത റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്നവരേയും വഴിയോര കച്ചവടക്കാരെയും യാചകരെയും ഒഴിപ്പിക്കുന്നതിനും അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ആശുപത്രിയിലേക്കുള്ള അടിസ്ഥാനസൗകര്യങ്ങളായ ശുദ്ധജലവിതരണം, വൈദ്യുതി വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും വേണ്ടി ഇലക്ട്രീഷ്യന്റേയും പ്ലംബറുടേയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. പുതിയ കെട്ടിടം പൂർത്തിയാകുമ്പോൾ, റിസപ്ഷൻ സംവിധാനം ഒരുക്കുകയും വാർഡുകളിൽ കൂട്ടിരുപ്പുകാരുടെയും സന്ദർശകരുടെയും ബാഹുല്യംമൂലം ഉണ്ടാകുന്ന തിരക്ക് കുറയ്ക്കുന്നതിന് സന്ദർശനം 'പാസ്സ്' മുഖേന നിയന്ത്രിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

14. വിക്ടോറിയ ഹോസ്പിറ്റലിലെ പ്രതിമാസ ശരാശരി ഒ.പി. 15500-ഉം പ്രതിമാസ ശരാശരി ഐ.പി. 1300-ഉം പ്രതിമാസ ശരാശരി പ്രസവം 515-ഉം പ്രതിമാസ എൽ.എസ്.എസ്.സി.എസ്. 310-ഉം ആണ്. വിക്ടോറിയ ആശുപത്രിയിൽ ദിനംപ്രതി എത്തുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണത്തിൽ ക്രമാതീതമായി വർദ്ധനവ് ഉണ്ടായിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ ഇവരെ വേണ്ടവിധം പരിഗണിക്കുന്നതിന് ആവശ്യമായ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും മതിയായ തസ്തികകൾ അനുവദിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും സത്വര നടപടിയുണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ജീവനക്കാരുടെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിക്കുന്നില്ല. നിലവിലുള്ള നഴ്സിംഗ്, പാരാമെഡിക്കൽ തസ്തികകൾ അപര്യാപ്തമാണെന്ന് അധികൃതർ സമിതിയെ അറിയിച്ചു. ജീവനക്കാരുടെ കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുന്നതായി സമിതി കരുതുന്നു. ആയതിനാൽ ആവശ്യമുള്ള നഴ്സിംഗ്, പാരാമെഡിക്കൽ തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ താമസംവിനാ നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർത്ത് ആശുപത്രിയിലെ എല്ലാ തലങ്ങളിലേയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ രേഖപ്പെടുത്തുകയും ആയത് ഉന്നത അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ആശുപത്രി വികസന സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നുണ്ടെന്ന് അധികൃതർ സമിതിയെ അറിയിച്ചു. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വികസന സമിതി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

18. മാനസികവൈകല്യമുള്ള കുട്ടികൾക്കും ഓട്ടിസം ബാധിച്ച കുട്ടികൾക്കുമുള്ള ചികിത്സയുടെ ഭാഗമായി ഓട്ടിസം ക്ലിനിക്കിന്റെ നേതൃത്വത്തിൽ രക്ഷിതാക്കളെകൂടി പങ്കെടുപ്പിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമാണെന്ന് സമിതി കരുതുന്നു. ഓട്ടിസം ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രി എന്ന നിലയ്ക്ക് പെൺകുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനും അവർക്ക് വിവിധ വിഷയങ്ങളിൽ കൗൺസിലിംഗ് നൽകുന്നതും ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പെൺകുട്ടികൾക്കുമാത്രമായി ഒരു പ്രത്യേക വിഭാഗം രൂപം കൊടുക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

20. ആശുപത്രിയിൽ നിലവിലുള്ള വാഹനസൗകര്യം വളരെ പരിമിത മായതിനാൽ അവ പരിഹരിക്കുന്നതിനായി രണ്ട് ആംബുലൻസുകൾ കൂടി വാങ്ങുന്നത് ഉചിതമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടിയന്തിരമായി അവ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. കിടത്തി ചികിത്സിക്കുന്ന രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ആവശ്യമെങ്കിൽ കിടക്കകളുടെ എണ്ണം കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നനിലയ്ക്ക് കുട്ടികൾക്കായി ആശുപത്രി കോമ്പൗണ്ടിൽ ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ കുട്ടികൾക്കുവേണ്ടി വളരെ മനോഹരമായ ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണമെന്ന് സമിതി സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

മോൻസ് ജോസഫ്,

*അദ്ധ്യക്ഷൻ,*
*സ്ത്രീകളുടെയും കുട്ടികളുടെയും*
*വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 9.